श्रीचित्रातिरुनालआयुर्विज्ञानऔरप्रौद्योगिकीसंस्थान, तिरुवनन्तपुरम – 695 011, केरल, भारत

SREE CHITRA TIRUNAL INSTITUTE FOR MEDICAL SCIENCES AND TECHNOLOGY (SCTIMST)

THIRUVANANTHAPURAM – 695 011, KERALA, INDIA

(An Institute of National Importance under DST ; Government of India)

(भारतसरकारकेअधीनएकराष्ट्रीयमहत्वकासंस्थान)

www.sctimst.ac.in

**Press Release (12.9.2022)**



ശ്രീ ചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി - ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. അമിത ആർ, 'അസോസിയേഷൻ ഫോർ ദി അഡ്വാൻസ്മെന്റ് ഓഫ് ബ്ലഡ് ആൻഡ് ബയോതെറാപ്പിസ് (എഎബിബി)' 2022-ലെ ‘പ്രെസിഡെന്റ്സ്’ അവാർഡിന്’ അർഹയായി .

ട്രാൻസ്ഫ്യൂഷൻ മെഡിസിൻ രംഗത്ത് നടത്തിയ പൊതുസേവനത്തെയും, സംഭാവനകളെയും ആദരിക്കുന്നതിനായി ആണ് ഈ അവാർഡ് നൽകുന്നത് .

2022 ഒക്ടോബർ 1-4 വരെ യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഒർലാൻഡോയിൽ.വച്ച് നടക്കുന്ന വാർഷിക യോഗത്തിൽ വച്ച്, ഒക്ടോബര് ഒന്നിന്, എഎബിബി പ്രസിഡന്റ് ഡോക്ടർ ദാന ദിവനെ, ഡോ. അമിതയ്ക്ക് അവാർഡ് സമ്മാനിക്കും .

ഡോക്ടർ അമിത, ശ്രീ ചിത്രയിലെ യൂത്ത് റെഡ് ക്രോസ് യൂണിറ്റ് കോഓർഡിനേറ്റർ കൂടിയാണ്

അന്താരാഷ്ട്ര തലത്തിൽ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ, ബയോതെറാപ്പി എന്നീ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളെയും സ്ഥാപനങ്ങളെയും പ്രതിനിധീകരിക്കുന്ന ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന അസോസിയേഷനാണ് - 'അസോസിയേഷൻ ഫോർ ദി അഡ്വാൻസ്മെന്റ് ഓഫ് ബ്ലഡ് ആൻഡ് ബയോതെറാപ്പിസ് (എഎബിബി)'.

രോഗികളുടെയും രക്ത-ദാതാക്കളുടെയും പരിചരണവും സുരക്ഷയും മെച്ചപ്പെടുത്തുക , അക്രഡിറ്റേഷൻ, വിദ്യാഭ്യാസ പരിപാടികൾ എന്നിവ നടത്തി അവബോധം വളർത്തുക എന്നത് അസോസിയേഷന്റെ പ്രധാന പ്രവർത്തനങ്ങളിൽ ചിലതാണ്.

എഎബിബി അംഗത്വത്തിൽ ഫിസിഷ്യൻമാർ, നഴ്സുമാർ, ശാസ്ത്രജ്ഞർ, ഗവേഷകർ, അഡ്മിനിസ്ട്രേറ്റർമാർ, മെഡിക്കൽ ടെക്നോളജിസ്റ്റുകൾ, മറ്റ് ആരോഗ്യ പരിരക്ഷാ ദാതാക്കൾ എന്നിവർ ഉൾപ്പെടുന്നു.

എഎബിബി അംഗങ്ങൾ 80-ലധികം രാജ്യങ്ങളിലും, അക്രഡിറ്റഡ് സ്ഥാപനങ്ങൾ 50-ലധികം രാജ്യങ്ങളിലും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

For details :

AMITA R. (DR.)
ASSOCIATE PROFESSOR
amita.rnair@sctimst.ac.in
DEPARTMENT OF TRANSFUSION MEDICINE

(Coordinator-Youth Red Cross Unit)
SCTIMST
9447862554